പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:*261 18/07/2016 - ൽ മറുപടിയ്ക്ക്

**വിദ്യാലയങ്ങളെ മാതൃകാസ്ഥാപനങ്ങളാക്കുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ. കെ.വി.വിജയദാസ്<br>,, എം. സ്വരാജ്<br>,, സി. കെ. ശശീന്ദ്രൻ | പ്രൊ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാരിന്റെ സഹായമില്ലാതെ സംസ്ഥാന സർക്കാർ പാഠ്യപദ്ധതിയനുസരിച്ചും മറ്റു പാഠ്യ പദ്ധതിപ്രകാരവും അധ്യയനം നടത്തുന്ന വിദ്യാലയങ്ങൾ വർഷം തോറും വർദ്ധിച്ചു വരുന്ന പ്രവണത പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നത്തിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;<br><br>(ബി) ഒരേ പാഠ്യപദ്ധതിയനുസരിച്ചുള്ള വിദ്യാലയങ്ങളിൽത്തന്നെ അമിത ഫീസ് ഈടാക്കുന്ന വിദ്യാലയങ്ങളിൽ തങ്ങളുടെ കുട്ടികളെ അയയ്ക്കുവാൻ രക്ഷിതാക്കൾ തയ്യാറാകുന്നത് ആസൂത്രിത പ്രചാരണത്തിന്റെ ഭാഗമായി മാത്രമാണോഎന്ന് പരിശോധിച്ചിട്ടുണ്ടോ; ഈ പ്രവണത മാറ്റുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ; സ്കൂളുകളുടെ നിലവാരത്തിലുള്ള അന്തരം കൊണ്ടാണെങ്കിൽ അതു നികത്തുവാനായി എന്തു നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; | (എ) യും (ബി) യും എസ്.എസ്.എ മുഖാന്തിരം വിശകലനം നടത്തിയിട്ടുണ്ട് ആസൂത്രിത പ്രചാരണത്തിന്റെ ഭാഗമാണെന്ന് കരുതുന്നില്ല. എന്നിരുന്നാലും കേന്ദ്ര സിലബസുകളോടും ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തോടും രക്ഷിതാക്കൾക്കുള്ള അമിതമായ താത്പര്യവും മികച്ച പശ്ചാത്തല സൗകര്യങ്ങൾ ഈ സ്കൂളുകളിൽ ലഭ്യമാകുന്നതും കാരണമാകുന്നുണ്ട്. ഈ അവസ്ഥക്കു മാറ്റം വരുത്തുന്നതിനായി പൊതുവിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വർദ്ധിപ്പിച്ചും, സിലബസ് പരിഷ്കരണം നടത്തിയും സംസ്ഥാന സിലബസ് കൂടുതൽ നിലവാരത്തിലുയർത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) പൊതു വിദ്യാലയങ്ങളും വിദ്യാഭ്യാസ സമ്പ്രദായവും സാമൂഹിക ഐക്യത്തിന് | (സി) സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 100 സ്കൂളുകളെ അന്താരാഷ്ട്ര |

അനിവാര്യമാണെന്നതിന്റെയടിസ്ഥാന ത്തിൽ ഇത്തരം വിദ്യാലയങ്ങളെ മാതൃകാ സ്ഥാപനങ്ങളാക്കുന്നതിനുള്ള പദ്ധതിയെന്തൊക്കെയാണ് വിശദമാക്കുമോ?

നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 'പ്രിസം' പദ്ധതി സർക്കാരിന്റെ നയരൂപീകരണത്തിന്റെ ഭാഗമായി പരിഗണനയിലുണ്ട്. സ്മാർട്ട് ക്ലാസ്സ് റൂം ഒരുക്കുന്നതിന് LAC-ADS വിനി യോഗത്തിൽ സ്കൂളുകളെ ഉൾപ്പെട്ടു ത്തിയതും ഈയൊരു ഉദ്ദേശ്യത്തിലാണ്. കൂടാതെ ഉച്ചഭക്ഷണം, പാഠപുസ്തകങ്ങൾ, യൂണിഫോംവസ്ത്രങ്ങൾ തുടങ്ങിയവ നൽകു ന്നതിലൂടെ എല്ലാ വിദ്യാർത്ഥികൾക്കും തുല്യ അവസരങ്ങളും അവകാശവും അതുമൂലം സാമൂഹിക ഐക്യവും പ്രദാനം ചെയ്യാനും സാധിക്കുന്നു.

Sreedevi

സെക്ഷൻ ഓഫീസർ